**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 421** **02-02-2023 - ൽ മറുപടിയ്ക്ക്**

**നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി ഇനത്തിൽ സംസ്ഥാനം പിരിച്ചെടുക്കാനുള്ള ആകെ കുടിശിക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | 30/11/2022 വരെ സംസ്ഥാനം പിരിച്ചെടുക്കാനുള്ള പ്രീ-GST കുടിശ്ശിക ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു (അനുബന്ധം 1). |
| (ബി) | മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആംനസ്റ്റി സ്കീമുകളിലൂടെ പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുക എത്രയാണെന്നും പിരിച്ചെടുക്കാൻ സാധിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | **മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആംനെസ്റ്റി പ്രകാരം ഓപ്റ്റ് ചെയ്ത തുകയും പിരിച്ചെടുക്കാൻ സാധിച്ച തുകയും അനുബന്ധമായി ചേർക്കുന്നു (അനുബന്ധം 2).** |
| (സി) | ആംനസ്റ്റി സ്കീമുകൾ ഫലപ്രദമാകാത്തതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ആംനെസ്റ്റി സ്കീമുകൾ ഫലപ്രദമല്ല എന്ന് കണക്കായിട്ടില്ല. മുൻ വർഷങ്ങളിലെ **ആംനസ്റ്റി സ്കീമുകൾ** പൂർണ്ണമായും ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടായിരുന്നില്ല. കോവിഡ് മഹാമാരിയും, വലിയ കുടിശ്ശിക കേസുകളിൽ അപ്പീലുകൾ ഫയൽ ചെയ്യപ്പെട്ടതും ഇതിനു കാരണമായി. ധാരാളം വ്യാപാരികൾ ആംനെസ്റ്റി ഓപ്റ്റ് ചെയ്യുകയും കുടിശ്ശിക തീർപ്പാക്കുകയും ചെയ്യുകയുണ്ടായിട്ടുണ്ട്. ചെറിയ നികുതി തുകകൾ വലിയ ആളവിൽ തീർപ്പാക്കപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലും (2022-23) ആംനസ്റ്റി പദ്ധതി തുടരുന്നുണ്ടായിരുന്നു. |
| (ഡി) | നികുതി കുടിശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനു ജി എസ് ടി വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്തു വകുപ്പിന്റെ പുന സംഘടനയിൽ ഇതിനായി എല്ലാ ജില്ലയിലും, പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. വകുപ്പ് തലത്തിലും തഹസിൽദാർ (ആർ ആർ) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ ആംനെസ്റ്റി പദ്ധതിയിലൂടെയും നികുതി കുടിശ്ശിക തീർപ്പാക്കിവരുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| ഇനം | കുടിശ്ശിക 30.11.2022 വരെ | സ്റ്റേ | റവന്യൂ റിക്കവറി | മറ്റു നടപടികൾ |
|---|---|---|---|---|
| വാറ്റ് | 10867.64 | 4191.18 | 5654.34 | 1022.13 |
| കെ.ജി എസ് റ്റി | 2029.42 | 601.95 | 1069.92 | 357.55 |
| എ ഐ റ്റി | 26.19 | 5.95 | 15.56 | 4.68 |

Jaysmin
സെക്ഷൻ ഓഫീസർ

<u>അനുബന്ധം 2</u>

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ആംനെസ്റ്റി പ്രകാരം ഓപ്റ്റ് ചെയ്ത തുക (കോടി) | ആംനെസ്റ്റി പ്രകാരം പിരിഞ്ഞു കിട്ടിയ തുക(കോടി) |
|---|---|---|---|
| 1 | 2017-18 | 657.56 | 63.22 |
| 2 | 2018-19 | 578.45 | 42.51 |
| 3 | 2019-20 | 1126.27 | 164.14 |
| 4 | 2020-21 | 2167.32 | 270.37 |
| 5 | 2021-22 | 1647.59 | 137.52 |
| 6 | 2022-23 | 534.81 | 66.9 |

Jasmin

സെക്ഷൻ ഓഫീസർ